വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

Laity Reflect on
Syro-Malabar Sunday Mass SCRIPTURE READINGS

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

2023
ഏപ്രിൽ 09

നമ്മുടെ കർത്താവ് ഈശോമിശിഹായുടെ ഉയിർപ്പ് തിരുനാൾ

നായകന്റെ ഉയർപ്പ്...

ഏശ 60:1-7, 1 സാമു 2:1-10, റോമ 1:6-14, മത്താ 28:1-6

സിനിമയുടെ ക്ലൈമാക്സ് രംഗമാണ്, നായകനെ വില്ലനും സംഘവും അതിക്രൂരമായി മർദ്ദിച്ച് മരണാസന്നനാക്കിയിരിക്കുന്നു. ചോരയിൽ കുളിച്ച് മണ്ണിൽ പുത ഞ്ഞുകിടക്കുന്ന നായകൻ മരണ നിമിഷങ്ങളെണ്ണിത്തുടങ്ങുമ്പോഴും കാണികൾ കാത്തിരിക്കും, അവർക്കറിയാം നായകൻ ഉയർത്തെഴുന്നേൽക്കുമെന്ന്....കിട്ടിയ അടിക്ക് പകരവും പലിശയും കൊ ടുത്ത് വില്ലനെ കാരാഗൃഹത്തി ലേക്കോ കാലപുരിയിലേക്കോ പറഞ്ഞയക്കുമെന്ന് അവർക്കുറ പ്പാണ്.. കാരണം നായകന് മരി ക്കാൻ പറ്റില്ല...നായകൻ ഉയർത്തേ പറ്റൂ. സത്യത്തിന്റെയും നീതിയുടെ യും പ്രതീകമാണ് നായകൻ..തനിക്കൊപ്പം നിൽക്കുന്നവരുടെ പ്രതീക്ഷയും..

അതെ, നമ്മുടെ നായകൻ ഉയർത്തിരിക്കുന്നു. ശത്രുവിന്റെ തലതകർത്ത് പ്രത്യാശയുടെ അമൃതവിഹായസിലേക്ക് നായകൻ ഉയർത്തിരിക്കുന്നു...കല്ലറയുടെ തണുപ്പിൽ നിന്നും ജീവന്റെ ചൂടി ലേക്ക്, സ്നേഹത്തിന്റെ തിളപ്പിലേ ക്ക് നമ്മുടെ നായകനായ ക്രിസ്തു ഉയർത്തിരിക്കുന്നു. ദുഖം ഘനീ ഭവിച്ച ദുഖവെള്ളികൾ ഇനി വിസ്മൃതിയോട് ചേരും.ആശങ്കയു ടെയും നിരാശയുടെയും കാലം ഇതാ ഇവിടെ അവസാനിക്കുന്നു....

മൃത്യോർമാ അമൃതം ഗമയ...

അസതോ മാ സദ്ഗമയ
തമസോ മാ ജ്യോതിർഗമയ
മൃത്യോർമാ അമൃതം ഗമയ...

എന്ന ബ്രഹദാരണ്യകോപനിഷത് പ്രാർ ത്ഥന നമുക്ക് പരിചിതമാണ്. ഞങ്ങളെ അസത്യത്തില് നിന്നും സത്യത്തിലേക്കും അന്ധകാരത്തിൽ നിന്നും വെളിച്ചത്തിലേക്കും

ജിജോ സിറിയക്ക്

മരണത്തിൽ നിന്ന് അനശ്വരതയിലേക്കും നയിക്കേണമേ... എന്നതാണിതിന്റെ സാരം. വഴിയും സത്യവും ജീവനുമായ, ലോകത്തിന്റെ പ്രകാശമായ, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്ന യേശുമിശിഹാ തമ്പുരാനോട് ചേർന്നു നിൽക്കുന്ന പ്രാർത്ഥനയാണിത്. മരണത്തിനപ്പുറം എന്ത് എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ക്രിസ്തുവിന്റെ ഉയർപ്പ്.ഞാനാകുന്നു പുനരുത്ഥാനവും ജീവനും എന്ന് പഠിപ്പിച്ചവൻ പ്രത്യാശ പകരുന്ന ഒരു പുതുലോകത്തിന്റെ താക്കോലാണ് ഉയർപ്പ് തിരുനാളിൽ നമുക്ക് കൈമാറുന്നത്.

"ക്രിസ്തു ഉയർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസവും.... (1കൊറി 15:14)അതെ, കൈസ്തവ ജീവിതത്തിന്റെ ആണിക്കല്ല് എന്നു പറയുന്നത് ക്രിസ്തുവിന്റെ ഉയർപ്പാണ്. 'യേശു കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും,' (റോമാ 10:9) അതാണ് ക്രിസ്ത്യാനിയുടെ പ്രചോദനവും പ്രതീക്ഷയും പ്രകാശവും.

ബെനഡിക്ട് 16-ാമൻ പാപ്പ ഉത്ഥാനത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു- "ഈശോയുടെ മരണവും ഉത്ഥാനവും ക്രിസ്തുമതത്തിന്റെ ഹൃദയമാണ്. നമ്മുടെ വിശ്വാസത്തിന്റെ പ്രധാനപ്പെട്ട ആധാരമാണ്. നമ്മിലെ ഭയത്തെയും തീരുമാനമില്ലായ്മയെയും സംശയങ്ങളെയും മാനുഷിക കണക്കുകൂട്ടലുകളെയും തൂത്തെറിയുന്ന ശക്തമായ കാറ്റാണ്."

മരണമെന്നത് അവസാനമല്ലെന്നും നിത്യജീവിതത്തിലേക്കുള്ള കവാടമാണെന്നും ഈസ്റ്റർ നമ്മെ ഓർമിപ്പിക്കുന്നു. ക്രിസ്തീയ ജീവിതമെന്നത് ക്രിസ്തുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലുമുള്ള പങ്കാളിത്തമാണ്

ക്രിസ്തുവിന് കല്ലറ പണിയുന്നവർ...

ക്രിസ്തുവിന് കല്ലറ പണിയുവാനും ജീവിച്ചിരിക്കുന്നവനെ മരിച്ചവരുടെ ഇടയിൽ തിരയുവാനും ഉത്സാഹിക്കുന്നവരാണോ നമ്മൾ? പുൽത്തൊഴുത്തിൽ പിറന്ന് കുരിശിൽ മരിച്ച തച്ചന്റെ മകന്റെ പേരിൽ കൊട്ടാര സദൃശ്യമായ പള്ളികളും ആഡംബര സൗധങ്ങളും പണിതുയർത്തുമ്പോൾ നമ്മൾ അവനായി കല്ലറ പണിയുകയല്ലേ..? ദൈവത്തിന്റെ ആലയമായ നമ്മുടെ ശരീരത്തിൽ നാം അവന് കല്ലറകൾ പണിയുന്നുണ്ടോ? പാപച്ചെളിയിൽ പൂണ്ട് കിടന്ന് അർമാദിക്കുമ്പോൾ, ആസക്തികളുടെ തീതെയ്യങ്ങൾക്ക് നിറഞ്ഞാടാൻ നമ്മുടെ ഉടലും മനസും വിട്ടുകൊടുക്കുമ്പോൾ നാം എന്താണ് ചെയ്യുന്നത്? കല്ലറയുടെ കല്ലുകൾ നമുക്ക് ഉന്തിമാറ്റാം, കൂദാശകളും ആത്മീയ ചര്യകളും വിശുദ്ധ വചനങ്ങളുമൊല്ലാം അതിനുള്ള കരുത്ത് നമുക്ക് പകരും. കല്ലറകൾ തുറക്കാം...നമ്മിൽ ബന്ധിതനായി കിടക്കുന്ന ക്രിസ്തുവിനെ സ്വതന്ത്രനാക്കാം.അങ്ങനെ ആത്മീയ വഴിയിൽ സ്വാതന്ത്ര്യത്തിന്റെ ഉയർത്തെഴുന്നല്പിനായി നമ്മെ തന്നെ സജ്ജരാക്കാം.

സ്വയം കല്ലറ പണിയുന്നവർ

നെഗറ്റീവ് ചിന്തകളുടെ വൻകല്ലറകൾ പണിത് അതിൽ സ്വയം സമാധിയടയുന്നവരുടെ എണ്ണവും കൂടിവരുകയാണ്. എന്നെ ഒന്നിനും കൊള്ളില്ല, ഞാൻ ഭൂലോക തോൽവിയാണ്, എനിക്കൊരിക്കലും വിജയിക്കാനാകില്ല തുടങ്ങി ഒട്ടനവധി നെഗറ്റീവ് ചിന്തകൾ മനസ്സിൽ വിതച്ച് 100 മേനിയും 150 മേനിയുമൊക്കെ വിളവുകൊയതെടുത്തവരാണ് നമ്മിൽ പലരും. പെരുകി വരുന്ന ആത്മഹത്യകൾ ഒരു മരണ സംസ്കാരത്തെ വിളംബരം ചെയ്യുന്ന കാലത്താണ് നാം ജീവിക്കുന്നത്. ഉയർത്തെഴുന്നേല്പ് എന്നത് നമ്മുടെ ജീവിതത്തിലും സംഭവിക്കേണ്ടതാണ്. അഹങ്കാരത്തിന്റെ കുതിരപ്പുറത്തുനിന്നുള്ള വീഴ്ച സാവൂളിന് ഉയർത്തെഴുന്നേല്പായി മാറി. കുള്ളനായ സക്കേവൂസ് സിക്കമൂർ വൃക്ഷത്തേക്കാൾ വളർന്നത് ഒരു ഉയർത്തെഴുന്നേല്പിലൂടെയാണ്.

കല്ലറകളിൽ കഴിയുക പലർക്കും ഒരു സുഖമാണ്. പാപത്തിന്റെ കല്ലറ മാത്രമല്ല, മടിയുടെയും അലസതയുടെയും ആസക്തികളുടെയുമൊക്കെ കല്ലറകളിൽ പലരും പൂണ്ടു കിടക്കുകയാണ്.

ബോക്സിങ്ങ് റിങ്ങിൽ വീഴുമ്പോഴല്ല തോൽക്കുന്നത്, വീണിടത്തുനിന്നും എഴുന്നേൽക്കാതെ വരുമ്പോഴാണ്. ആത്മീയ ജീവിതത്തിലും ഇത് പ്രസക്തമാണ്. വീണിടത്തുനിന്നുള്ള ഉയർപ്പ്... അതിനുള്ള അവസരമാണ് ഈസ്റ്റർ. ക്രിസ്തുവിന്റെ ഉത്ഥാനം മരണത്തിന്റെ നിശബ്ദതയെ തകർക്കുകയും ഇരുളിൽ കഴിയുന്നനവർക്ക് പ്രതീക്ഷ സമ്മാനിക്കുകയും ചെയ്തുവെന്ന ഫ്രാൻസിസ് പാപ്പയുടെ വാക്കുകൾ നാം ധ്യാനിക്കേണ്ടതാണ്.

പെസഹായുടെ പുരാതന ആഘോഷം ഹെബ്രായജനത്തിന്റെ അടിമത്തത്തിൽ നിന്നുള്ള മോചനത്തിന്റെ ഓർമയാചരണമായിരുന്നു. ഇവിടെ അതിന്റെ പൂർണത കൂട്ടിച്ചേർക്കപ്പെടുന്നു. യേശുക്രിസ്തു തന്റെ പുനരുത്ഥാനംവഴി പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്ന് നമ്മെ മോചിപ്പിച്ച് നിത്യജീവിതത്തിലേക്കുള്ള വഴി നമുക്കായി തുറക്കുന്നു.

കൈപിടിച്ചുയർത്താനും കടമയുണ്ട്...

വ്യക്തിപരമായ ഉയർത്തെഴുന്നേല്പ് വലിയ ചുമതലകൾ കൂടി നമുക്ക് നൽകുന്നുണ്ട്. ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കാനുള്ള ദൗത്യമാണ് ഉത്ഥിതനായ ക്രിസ്തു ശിഷ്യർക്ക് നൽകുന്നത്. ഇന്നത്തെ കാലത്ത് അപരന് സുവിശേഷമായി മാറുക എന്ന

താണ് ദൗത്യം. സഹോദരനെ കൈപിടിച്ചുയർത്താൻ, വീണുപോകുമ്പോൾ താങ്ങായി മാറാൻ നമുക്ക് കഴിയണം. ഉയർക്കെപ്പെട്ട ക്രിസ്തു തന്നെ സ്നേഹിച്ചിരുന്നവരെയും ശിഷ്യസമൂഹത്തെയുമെല്ലാം വിശ്വാസമേഖലയിൽ വളർത്തുന്നതിന്റെ നേർ സാക്ഷ്യം സുവിശേഷം നമുക്ക് കാണിച്ചുതരുന്നുണ്ട്. ക്രിസ്തുവിനേപ്പോലെ മറ്റുള്ളവരുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കാൻ പോന്ന തീക്ഷ്ണതയിലേക്ക് നാമും വളരണം.

ഓരോ ദിനവും ഉയർപ്പിന്റെ ദിനങ്ങളാകണം.എ മില്ലീ മീറ്റർ ഇൻ ക്രൈസ്റ്റ്-ക്രിസ്തുവിലേക്ക് ഒരു മില്ലീമീറ്ററെങ്കിലും വളരുവാൻ, ഉയരുവാൻ നമുക്ക് കഴിയണം.

നമ്മുടെ നാട് പ്രളയത്തിലാണ്ടു പോയപ്പോൾ കൈപിടിച്ചുയർത്തുവാൻ എത്ര മനുഷ്യസ്നേഹികളാണ് രംഗത്തുവന്നത്. മരണത്തിൽ നിന്നും എത്രപേരാണ് ജീവനിലേക്ക് ഉയർത്തപ്പെട്ടത്. പിന്നീട് കോവിഡിന്റെ കാലത്ത് കല്ലറയിലടക്കപ്പെട്ട ലോകം ഇപ്പോഴിതാ ഉയർത്തെഴുന്നേല്പിന്റെ പാതയിലാണ്.

സന്തോഷം,സമാധാനം, പ്രത്യാശ

ഈസ്റ്റർ മനുഷ്യകുലത്തിന് അളവില്ലാത്ത സന്തോഷവും സമാധാനവും പ്രത്യാശയും പകരുന്നുണ്ട്. ശിഷ്യന്മാർ ഉത്ഥിതനെ കണ്ടുമുട്ടിയപ്പോൾ കൂടുതൽ സന്തോഷവും ഉന്മേഷവും ധൈര്യവുമുള്ളവരായി മാറുന്നു. ഉത്ഥാനത്തിന് ശേഷം അവിടുന്ന് ശിഷ്യരെ അഭിസംബോധന ചെയ്തപ്പോഴെല്ലാം ആദ്യം പറഞ്ഞത് 'നിങ്ങൾക്ക് സമാധാനം' എന്നാണ് .സമാധാനരാജാവായ ക്രിസ്തു തന്റെ പ്രബോധനങ്ങളും പീഢാസഹന കുരിശുമരണവും ഉത്ഥാനവും വഴി സമാധാനം ഭൂമിയില് സ്ഥാപിച്ചു. ഈ സമാധാനം

അനുഭവി ക്കണമെങ്കിൽ ഉത്ഥിതനോട് ചേർന്ന് നില്ക്കണം, ചേർന്ന് നടക്കണം. ഭയപ്പെടേണ്ടന്ന് ശിഷ്യരോട് പറയുന്ന അവിടുന്ന് യുഗാന്ത്യംവരെ നമുക്കൊപ്പം ഉണ്ടായിരിക്കുമെന്ന ഉറപ്പും നൽകുന്നുണ്ട്.

സത്യം ഉയർത്തെഴുന്നേൽക്കും...

എത്ര നുണകൾ കൊണ്ട് പൊതിഞ്ഞാലും സത്യം എന്നേക്കും മൂടിവെക്കാനാകില്ലെന്ന യാഥാർത്ഥ്യത്തിന്റെ പ്രഘോഷണം കൂടിയാണ് ഈസ്റ്റർ.അനുദിനം പെരുകുന്ന നുണകളാൽ ഹതാശരായി, സത്യം നിരന്തരം കുരിശിലേറ്റപ്പെടുന്നത് കണ്ട് ഭഗ്നാശരായി കഴിയുന്നവർക്ക് പ്രതീക്ഷയുടെ പിടിവള്ളിയാണത്. സത്യം നിങ്ങളെ സ്വതന്ത്രരാക്കുമെന്ന വാക്യത്തിന്റെ പൂർത്തീകരണമാണ് ക്രിസ്തുവിന്റെ ഉയർപ്പ്.

ഐഷാ ബീബിയുടെ പ്രാർത്ഥന

ദൈവദൂഷണകുറ്റം ആരോപിക്കപ്പെട്ട് വധശിക്ഷ കാത്ത് എട്ട് വർഷം പാകിസ്താനിലെ ജയിലിൽ കഴിഞ്ഞ വേളയിൽ ഐഷാ ബീബി എന്ന വീട്ടമ്മ ഉത്ഥിതനോടുള്ള ഒരു പ്രാർത്ഥന എഴുതി. ഈ പ്രാർത്ഥന ഉയർപ്പ് തിരുനാൾ ദിനത്തിൽ നമുക്ക് കൂടുതൽ ബലം പകരും. അതിപ്രകാരമാണ്:

'ഉത്ഥിതനായ ദൈവമേ, നിന്റെ മകൾ ഐഷയെ നിന്നോടുകൂടെ ഉയർക്കാൻ അനുവദിക്കണമേ. എന്റെ ചങ്ങലകൾ പൊട്ടിക്കണമേ, ഈ അഴികൾക്കപ്പുറം പോകാൻ എന്റെ ഹൃദയത്തെ സ്വതന്ത്രമാക്കണമേ. എന്റെ ആത്മാവിനൊപ്പം നീ കൂടെവരണമേ. അതുവഴി എന്റെ പ്രിയപ്പട്ടവരോടും നിന്നോടും എപ്പോഴും അടുത്തായിരിക്കാനും എനിക്കു കഴിയുമല്ലോ.

'എന്റെ പരീക്ഷണ കാലങ്ങളിൽ എന്നെ ഉപേക്ഷിക്കരുതേ, നിന്റെ സാന്നിധ്യത്തിൽനിന്ന് എന്നെ എടുത്തു കളയരുതേ. എന്റെ സഹനങ്ങൾ ശമിപ്പിക്കാൻ നീ എനിക്കുവേണ്ടി പീഡനങ്ങൾ സഹിക്കുകയും കുരിശു വഹിക്കുകയും ചെയ്തു, രക്ഷകനായ യേശുവേ, നിന്റെ സമീപം എന്നെ നിറുത്തേണമേ.

'യേശുവേ നിന്റെ ഉയിർപ്പു ദിനത്തിൽ, എന്നെ വേദനിപ്പിച്ച എന്റെ ശത്രുക്കൾക്കുവേണ്ടി എനിക്ക് പ്രാർത്ഥിക്കണം. ഞാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും എന്നെ ദ്രോഹിച്ചതിനെപ്രതി അവർക്കു വേണ്ടി മാപ്പപേക്ഷിക്കുകയും ചെയ്യുന്നു. ദൈവമേ, സ്വാതന്ത്ര്യത്തിന്റെ അനുഗ്രഹം പ്രാപിക്കാൻ എന്നിൽ തടസ്സം നിൽക്കുന്ന എല്ലാറ്റിനെയും നീ മാറ്റണമേ. എന്നെയും എന്റെ കുടുംബത്തെയും സംരക്ഷിക്കണമേ.'

അവളുടെ പ്രാർത്ഥന ഫലിച്ചു ,അന്താരാഷ്ട്ര ഇടപെടലിനെ തുടർന്ന് അവൾക്ക് വിടുതൽ ലഭിച്ചു, അവൾ പിന്നീട് കുടുംബസമേതം കാനഡയിലേക്ക് പോയി... ഐഷയെപ്പോലെ ഉത്ഥിതനായ ക്രിസ്തുവിനെ ജീവിതത്തിൽ അന്വേഷിച്ച് കണ്ടെത്താൻ നമുക്കും കഴിയട്ടെ... ഓർമിക്കുക, നമ്മുടെ നായകൻ അമരനാണ്.... ലോകാന്ത്യത്തോളവും നമ്മോടൊപ്പമുണ്ടാകും.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com